(ബി) കേരള ജല അതോറിറ്റി 18 ചെക്ക് ഡാമുകളും (സ്ഥിരം തടയണ) ജലസേചന വകുപ്പ് 336 ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

നെടുമ്പന പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

185 (4471) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നെടുമ്പന പഞ്ചായത്തിലെ വിതരണ ലൈനുകളുടെ പണികൾ നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണികൾ കഴിയുന്നതുംവേഗം പൂർത്തീകരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

186 (4472) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ എത്ര കുളം ആരുടെ ശിപാർശ പ്രകാരം എത്ര തുക ചെലവഴിച്ച് നവീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നെടുമുടി പഞ്ചായത്തിൽ 9-ാം വാർഡിൽ മണപ്രാ ഭഗവതി പറമ്പിൽ ശ്രീഭദ്രകാളി ക്ഷേത്രക്കുളം കല്ലുകെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഫണ്ടുണ്ടായിരുന്ന കാലയളവിൽ പ്രവൃത്തി നടപ്പാക്കാത്ത സാഹചര്യത്തിൽ മുൻഗണന നൽകി ജലവിഭവ വകുപ്പ് മറ്റു പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly